## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6825** **11-07-2024 - ൽ മറുപടിയ്ക്ക്**

## ആർക്കിയോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആർക്കിയോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | കേരള ഭൂപ്രദേശത്തെ പുരാതത്വപരമായ അന്വേഷണങ്ങളും പഠനങ്ങളുമാണ് പുരാവസ്തു വകുപ്പിന്റെ മുഖ്യ ചുമതല. 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ടിന്റെയും 1972 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് വകുപ്പ് പ്രവർത്തിച്ചു വരുന്നത്. ഉത്ഖനന - പര്യവേക്ഷണങ്ങൾ, പുരാലിഖിത പഠനങ്ങൾ, ചരിത്രപരമായോ, പുരാവസ്തുശാസ്ത്രപരമായോ, കലാശില്പപരമായോ കൗതുകപ്രദമായതും, ഒരു ശതാബ്ദത്തിൽ കുറയാതെ നിലനിന്നിട്ടുള്ളതുമായ നിർമ്മിതികളോ, സ്മാരകങ്ങളോ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കൽ, അത്തരത്തിൽ പ്രാധാന്യമുള്ള പുരാവസ്തുക്കളുടെ സംരക്ഷണം, സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണവും പരിപാലനവും, പുരാവസ്തുക്കളുടെയും സ്മാരകങ്ങളുടെയും ഡോക്യുമെന്റേഷൻ, പുരാവസ്തുക്കളുടെ രാസസംരക്ഷണം, മ്യൂസിയം സജ്ജീകരണവും പരിപാലനവും, പുരാവസ്തു പ്രദർശനങ്ങൾ, സെമിനാറുകൾ, പ്രസിദ്ധീകരണങ്ങൾ എന്നിവ വഴിയുള്ള അവബോധ രൂപീകരണം എന്നിവയാണ് വകുപ്പ് നിർവ്വഹിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ. |
| (ബി) | പ്രസ്തുത വകുപ്പിന് കീഴിൽ എത്ര സ്ഥാപനങ്ങളുണ്ടെന്ന് അറിയിക്കുമോ? | (ബി) | വകുപ്പിന് കീഴിൽ 18 സ്ഥാപനങ്ങളുണ്ട്. അവയുടെ വിവരങ്ങൾ ചുവടെ നൽകുന്നു.<br><br>1. പത്മനാഭപുരം കൊട്ടാരം മ്യൂസിയം, തക്കല, തമിഴ്നാട്.<br><br>2. ഇൻഫർമേഷൻ സെന്റർ, കിഴക്കേക്കോട്ട, തിരുവനന്തപുരം.<br><br>3. കോയിക്കൽ കൊട്ടാരം മ്യൂസിയം, നെടുമങ്ങാട്. |

| | | | |
|---|---|---|---|
| | | | 4. കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ ആർട്സ് മ്യൂസിയം, കൊട്ടാരക്കര.<br><br>5. വേലുത്തമ്പി ദളവാ മ്യൂസിയം, മണ്ണടി.<br><br>6. കൃഷ്ണപുരം കൊട്ടാരം പുരാവസ്തു മ്യൂസിയം, കായംകുളം.<br><br>7. ജില്ലാ പൈതൃക മ്യൂസിയം, പൈനാവ്, ഇടുക്കി.<br><br>8. ഹിൽപ്പാലസ് പുരാവസ്തു മ്യൂസിയം, എറണാകുളം.<br><br>9. എറണാകുളം ജില്ലാ പൈതൃക മ്യൂസിയം, ഫോർട്ട്കൊച്ചി.<br><br>10. ജില്ലാ പൈതൃക മ്യൂസിയം, തൃശ്ശൂർ.<br><br>11. ശക്തൻ തമ്പുരാൻ കൊട്ടാരം പുരാവസ്തു മ്യൂസിയം, തൃശ്ശൂർ.<br><br>12. ജില്ലാ പൈതൃക മ്യൂസിയം, കല്പാത്തി, പാലക്കാട്.<br><br>13. ജില്ലാ പൈതൃക മ്യൂസിയം, തിരൂരങ്ങാടി, മലപ്പുറം.<br><br>14. പഴശ്ശിരാജാ മ്യൂസിയം, കോഴിക്കോട്.<br><br>15. കുഞ്ഞാലി മരയ്ക്കാർ സ്മാരക മ്യൂസിയം, കോട്ടക്കൽ, വടകര.<br><br>16. പഴശ്ശികുടീരം മ്യൂസിയം, മാനന്തവാടി.<br><br>17. ഗാന്ധി സ്മൃതി മ്യൂസിയം, പയ്യന്നൂർ.<br><br>18. പ്രാദേശിക ചരിത്ര മ്യൂസിയം, കണ്ടോന്താർ, കണ്ണൂർ. |

സെക്ഷൻ ഓഫീസർ